# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 23/05/14

(23 RAJAB 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനും തശഹ്ഹുദ്., തഅവ്വുദ് ,സൂറ;അൽഫാത്തിഹയ്ക്ക് ശേഷം ഹസ്രത് മുഹ്യിദ്ദീൻ (അ) പറഞ്ഞു.

മൗറീഷ്യസിൽ അഹ്മദിയ്യാ സംഘത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഒരാൾ കേരളത്തിൽ പ്രചരിപ്പിക്കുവാൻ ശ്രമിച്ച ആരോപണങ്ങളുടെ നിജസ്ഥിതി ഇന്നത്തെ ഖുത്തുബയിലൂടെയും തുടരുകയാണ്. രണ്ടാമത്തെ ആരോപണം ഞാനാകുട്ടിയുടെ മാതാവിനെ വിവാഹം കഴിച്ചു എന്നതാണ്. സത്യത്തിൽ ഇത് കെട്ടിച്ചമച്ച കളളമാണ്. ആശുപത്രിയിൽ അത്യാഹിത വിഭാഗത്തിൽ അത്തരം ഒരു കുട്ടിയേ ഇല്ല! എന്താണ് സത്യം ? ഞാനാകുട്ടിയുടെ മാതാവിനെ വിവാഹം കഴിച്ചു അതുകൊണ്ട് അവിടെ ഒരു സാമൂഹ്യ പിരിമുറുക്കം ഉണ്ടായിരുന്നു. അങ്ങനെ ഞങ്ങൾ ഒളിവിൽ പോയി എന്നും പ്രചരിപ്പിക്കുവാൻ അവർ തയ്യാറായി.

അല്ലാഹു തെരഞ്ഞെടുത്ത ഞാൻ എന്തിന് ഒളിവിൽ പോകണം ? (ഹൃദയത്തിൽ) ഞാൻ ഒരു മനുഷ്യനെ എന്തിന് ഭയപ്പെടണം ? ഈ കാര്യങ്ങളുടെ നിജസ്ഥിതി ഞാൻ വ്യക്തമാക്കുവാൻ ആഗ്രഹിക്കുകയാണ്.

അഹ്മദിയ്യാ അസോസിയേഷൻ ഹെഡ് ക്വാർട്ടേഴ്സിന് സമീപം, റോസ്ഹില്ലിൽ എനിക്കൊരു അപ്പാർട്ട്മെന്റും വാണിജ്യവിഷയമായ ഒരു ചെറിയ സ്ഥലവും ഉണ്ട്. ഞങ്ങളെ നിസാമെ ജമാഅത്തിൽ നിന്നും പുറത്താക്കിയപ്പോൾ നാലാം ഖലീഫ ഞങ്ങളോട് പറയുകയുണ്ടായി. നിങ്ങൾ നിങ്ങളുടേതായ ഒരു ജമാഅത്ത് രൂപീകരിക്കുക.

2006 മേയ് മാസത്തിൽ മരണപ്പെട്ട എന്റെ രണ്ടാമത്തെ സഹോദരൻ അസീസ് അഹ്മദ് ഒഴികെയുള്ള എന്റെ കുടുംബത്തിലെ എല്ലാ അംഗങ്ങളും ഖലീഫയുടെ അനുയായികളായിരുന്നു. തർക്കങ്ങൾ ഒഴിവാക്കാൻ ഇതായിരുന്നു ഒരു മാർഗ്ഗം. അപ്പോൾ എന്റെ മാതാവും എന്നോടൊപ്പമുണ്ടായിരുന്നു. ഈ സമയത്ത് എല്ലാ പ്രവർത്തനങ്ങളും ; അതായത് ജുംആ, ദഅ്വഅക്കാഡമി, സ്റ്റഡി സർക്കിൾ, സ്ത്രീകളുടെ യോഗങ്ങൾ, യുവാക്കളുടെയും യുവതികളുടെയും യോഗങ്ങൾ, അഞ്ചനേര നമസ്ക്കാരം, പെരുന്നാൾ നമസ്ക്കാരം, വാർഷിക സമ്മേളനം തുടങ്ങിയവ എല്ലാം സഫറുല്ലാ ഡുമൂൻ സാഹിബിന്റെ വീട്ടിൽ വെച്ചാണ് നടത്തിയിരുന്നത്. അദ്ദേഹത്തിന്റെ വീട് വളരെ വലുതായിരുന്നു. ധാരാളം സ്ഥലമുണ്ടായിരുന്നു. പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരംഗം ഒരു പളളി പൂർണ്ണമായും നിർമ്മിച്ചു. ജമാഅത്ത് അഹ്മദിയ്യാ അൽ മുസ്ലിമീനു വേണ്ടി. ഈ സമയത്ത് മൗറീഷ്യസിന്റെ വടക്കു ഭാഗത്തു ഒരു ഹിന്ദു സഹോദരൻ, ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിൽ തന്റെ ഭൂമി കൊടുക്കുന്നതായി അറിഞ്ഞ് എനിക്കും ഒരു പ്ളോട്ട് വാങ്ങുവാൻ അവസരമുണ്ടായി.

എന്റെ മാതാപിതക്കളിൽ നിന്നും ലഭിച്ച അനന്തരാവകാശ ഭൂമിയിലാണ് ഞാൻ സാധാരണയായി താമസിച്ചിരുന്നത് .2003 ഒക്ടോബർ മാസത്തിൽ ആ ഹിന്ദു സഹോദരനുമായി ബന്ധപ്പെടുകയും തവണ വ്യവസ്ഥയിൽ വസ്തുവാങ്ങുന്നതിനുളള വ്യവസ്ഥ ഉണ്ടാക്കുകയും ചെയ്തു. പലിശ ഇല്ലാതെ ഓരോ മാസവും കൃത്യമായി തുക അടച്ചു തീർക്കുകയുണ്ടായി. അൽഹംദുലില്ലാഹ് ഞാൻ താമസിച്ചിരുന്ന റോസ് ഹില്ലിൽ ആ സമയം സാഹചര്യം വളരെ മോശമായി. അഹ്മദിയ്യാ ജമാഅത്ത് അവിടെ സംഘടിപ്പിച്ച എല്ലാ പരിപാടികളും ഞങ്ങൾക്കെതിരിലായിരുന്നു. ജനങ്ങളോട് അവർ വ്യാപകനുണപ്രചാരണം നടത്തി. ഞങ്ങളുടെ സ്ത്രീകൾക്കും, പെൺകുട്ടികൾക്കും വളരെ അപകടകരമായ ഒരു ഭൗതിക സാഹചര്യമായിരുന്നു അവിടെ

നിലനിന്നത്. മറുവശത്ത് 22 വയസ്സുണ്ടായിരുന്ന സയ്യിദ് അഹ്മദ് എന്ന യുവാവിന്റെ മരണത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ പിതാവ്, 2003 ആഗസ്റ്റിൽ ഭീഭൽസമായ ഒരാക്രമണം നടത്തുകയുണ്ടായി. ജമാഅത്തിനെ നശിപ്പിക്കുവാനായി, എന്റെ മേൽ എല്ലാവിധ ആരോപണങ്ങളും കണ്ടുപിടിച്ചു. അയാളുടെ ഭാര്യയുടെ മേൽ അപമാനകരമായ ആരോപണങ്ങൾ വരെ പറയുവൻ തയ്യാറായി. അയാൾ വിവാഹമോചനത്തിനുള്ള പേപ്പറുകൾ അയച്ചു ; അങ്ങനെ വിവാഹ മോചനം നടത്തുവാൻ തീരുമാനിക്കുകയുണ്ടായി.

മൗറീഷ്യസിൽ സാധാരണ വിവാഹമോചനത്തിന് 5, 6 വർഷം വരെ ഒരാൾ കാത്തിരിക്കേണ്ടിവരും. എന്നാൽ ഈ വിവാഹ മോചനകേസിൽ ദൈവീക ദൃഷ്ടാന്തം തന്നെ വെളിപ്പെടുകയുണ്ടായി. ആദ്യമായി ഈ കേസ് ജഡ്ജിയുടെ മുമ്പാകെ വന്ന ദിവസം തന്നെ, ജഡ്ജി, വിവാഹമോചന വിധി പ്രസ്താവിക്കുകയുണ്ടായി. അയാൾക്ക് അവശേഷിച്ചിരുന്ന മൂന്ന് കുട്ടികളെയും അവരുടെ മാതാവിനെയും അയാൾ ഭയപ്പെടുത്തുകയും അങ്ങനെ അവർ ഈ ദൈവീക ദൃഷ്ടാന്തത്തിൽ നിന്ന് പിന്മാറുമെന്നും അയാൾ കരുതുകയുണ്ടായി. അയാൾ അഹ്മദിയ്യാ ജമാഅത്തിലേക്ക് മടങ്ങിപ്പോയി. അവിടത്തെ വാർഷിക സമ്മേളനത്തിൽ അയാൾക്ക് ബഹുമാന്യ അതിഥിയായി സ്ഥാനം നല്കുകയുണ്ടായി. ജൽസാ ഗാഹിലേക്ക് അയാളെ കൊണ്ടുവരുവാൻ കാറും ഡ്രൈവറും എത്തി. ഒരു ബഹുമാന്യനായ അതിഥിയെ കൊണ്ട് വരുവാൻ എന്ന നിലയിൽ അവിടുത്തെ അമീറും അദ്ദേഹത്തിന്റെ വർക്കിംഗ് കമ്മറ്റിയും അദ്ദേഹത്തെ മുനീർ അഹ്മദിനെതിരിൽ പ്രസംഗിക്കുവാൻ അയാളെ പ്രേരിപ്പിക്കുകയുണ്ടായി. അതുപോലെ അയാളുടെ ഭാര്യയ്ക്കെതിരിലും അപമാനവർഷം ചൊരിയുവാൻ അവസരം നല്കുകയുണ്ടായി. വിവാഹ മോചനത്തിനു ശേഷം (വിവാഹമോചനം പെട്ടെന്ന് വിധിക്കുകയും മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത വിധത്തിൽ) വിവാഹമോചനം ലഭിക്കുകയും ചെയ്തപ്പോൾ അയാളുടെ കോപം അണപൊട്ടിയൊഴുകി. അയാൾക്ക് രണ്ടു നിലകളുള്ള ഒരു വീടുണ്ടായിരുന്നു. ഗ്രൗ ഫ്ളോർ ഉൾപ്പടെ മൂന്ന് വീടുകളുണ്ടായിരുന്നു. ഈ ദൈവീക ദൃഷ്ടാന്തത്തെ ഉപേക്ഷിച്ചില്ലെങ്കിൽ, അയാളുടെ മുൻ ഭാര്യയേയും കുട്ടികളെയും തെരുവിൽ വലിച്ചെറിയുമെന്നു പറഞ്ഞു. അങ്ങനെ അയാൾ തന്റെ ഭീഭൽസത നടപ്പിലാക്കാൻ തുടങ്ങി. അവരെ പുറത്താക്കാൻ ശ്രമം തുടർന്നു. അയാൾ വീടിന്റെ ഒന്നാം നിലവിറ്റു. ബാക്കിയും വില്ക്കാൻ തുനിഞ്ഞു. അതിനെ തുടർന്നു ദുർനടപ്പുകാരായ ആളുകളെ വീടിന്റെ പരിസരത്ത് ദിവസവും കാണാൻ തുടങ്ങി. അവർ അയാളുടെ മുൻഭാര്യയെയും കുട്ടികളെയും കാണാൻ തുടങ്ങി. അവർ അയാളുടെ മുൻഭാര്യയെയും കുട്ടികളെയും ഉപദ്രവിക്കുമെന്നവർ ഭയന്നു.

അവരുടെ ജീവൻ അപകടത്തിലാണെന്നു മനസ്സിലായ സാഹചര്യത്തിൽ, മുൻഭർത്താവ് ഒരു കത്തിയുമായി ആ വീട്ടിൽ നടക്കുമ്പോൾ, ഭയവിഹ്വലരായി ആ മാതാവും മൂന്നു പെൺമക്കളും ഒരു മുറിയിൽ കതകടച്ച് കുറ്റിയിട്ട് രാത്രി ഉറങ്ങാൻ കിടക്കേണ്ടി വന്ന സാഹചര്യത്തിൽ, ഞാൻ അല്ലാഹുവിലേക്ക് തിരിയുകയും ഒരുപാട് പ്രാർത്ഥിക്കുകയും ചെയ്തു. അങ്ങനെ അല്ലാഹു (ത) എന്നെ ആ സ്ത്രീയുടെയും മൂന്ന് പുത്രിന്മാരുടെയും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ അറിയിക്കുകയുണ്ടായി. ജമാ അത്ത് അഹ്മദിയ്യാ അൽ മുസ്‌ലീമീനിലെ അംഗങ്ങൾ ഇതിന് സാക്ഷ്യം വഹിക്കുകയും ചെയ്തു. കവിതാ രൂപത്തിൽ അല്ലാഹു (ത) എനിക്ക് സന്ദേശം എത്തിച്ചു തന്നു. 2004 ലെ ഒരു ശനിയാഴ്ചത്തെ സ്റ്റഡി സർക്കിളിൽ വച്ച് അല്ലാഹു (ത) ആ വനിതയെ ഉമ്മുൽ മുഅ്മിനീൻ എന്നു വിശേഷിപ്പിച്ച് ആദരിക്കുകയുണ്ടായി.

ഇൻഷാ അല്ലാഹ് ; ഇത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. സ്റ്റഡി സർക്കിളിൽ ഹാജരായിരുന്നവരുടെ മുമ്പിൽ ഈ സുന്ദരമായ സന്ദേശം നല്ല വിശദീകരണത്തോടെ സഫറുല്ല ഡൊമൂൺ സാഹിബ് വിവരിക്കുകയുണ്ടായി. ഹഠാദാകൃഷ്ടരായ അംഗങ്ങൾ അന്നുമുതൽ അവരെ ഉമ്മുൽ മുഅ്മിനീൻ എന്ന് വിളിക്കുകയുണ്ടായി. ദേശീയവും, അന്തർദേശീയവുമായ വനിതാ വിഭാഗത്തിന്റെ അദ്ധ്യക്ഷയാണവർ.

2005-ൽ വടക്കെ മൗറീഷീസ്വൽ വാങ്ങിയ ഭൂമിയുടെ ഏർപ്പാടെല്ലാം ശരിയാക്കി. 2006 ൽ എന്റെ അനുയായി ആയിരുന്ന എന്റെ സഹോദരൻ മരണപ്പെട്ടു. അഹ്മദിയ്യാ ജമാഅത്ത് എനിക്കെതിരിൽ തിരിയുകയും, എന്റെയും എന്റെ അനുയായികളുടെയും ജീവിതം റോസ്ഹില്ലിലും, ക്വാർട്ടറെ ബോണസിലും അപ

കടത്തിലാണെന്ന് തിരിച്ചറിയുകയും ചെയ്തു. മാത്രമല്ല ജമാ അത്ത് അഹ്മദിയ്യാ അൽമുസ്‌ലീമീനിലെ മുൻ സെക്രട്ടറി ജനറൽ, അനേകം കള്ളങ്ങളുമായി, രംഗത്തുവരുകയും, ഞങ്ങൾക്കെതിരിൽ ദുഷ്ടലാക്കോടെയുള്ള സംഘടിതശ്രമം ആരംഭിക്കുകയും ചെയ്തു. ടെലഫോൺ വിളികളിലൂടെ അയാൾ എന്നെ ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നു; മൊബൈൽ സന്ദേശത്തിലൂടെയും പ്രശ്നങ്ങൾ സൃഷ്ടിച്ചു. അങ്ങനെ ഞാൻ പോലീസ് സ്റ്റേഷനിൽ അയാൾക്കെതിരിൽ ഒരു കേസ് ഫയൽ ചെയ്തു. പോലീസ്കാർ ആ മോശ സന്ദേശങ്ങൾ വായിച്ചു. അത് നിറയെ ശത്രുതയും ചീത്തനിറഞ്ഞതുമായിരുന്നു. രാവും പകലും തന്റെ മുൻ ഭാര്യയ്ക്ക് ഈ ചീത്ത സന്ദേശങ്ങൾ അയയ്ക്കുകയും ഫോണിലൂടെ അസഭ്യവാക്കുകൾ പറയുകയും ചെയ്തുകൊണ്ടിരുന്നു. അയാൾ കരുതിയത് അവന്റെ പിതാവ് ഒരു പോലീസ് ഇൻസ്പെക്ടറായിരുന്നു. അവന്റെ ബന്ധുക്കളും പോലീസ് ഡിപ്പാർട്ട്മെന്റിലുണ്ടായിരുന്നു. പ്രത്യേകിച്ച് അവന്റെ ഒരു കസിൻ അസി. കമ്മീഷണർ ഓഫ് പോലീസ് ആയിരുന്നു. അതുകൊണ്ട് ഒന്നും പേടിക്കാനില്ല. അവനിഷ്ടമുള്ളതെല്ലാം ചെയ്യാം എന്നായിരുന്നു കരുതിയത്. ഒടുവിൽ കമ്മീഷണർ ഓഫ് പോലീസിന് വളരെ വിശദമായ ഒരു കത്തെഴുതി. അയാളുടെ എല്ലാ വൃത്തികെട്ട സന്ദേശങ്ങളുടെയും തെളിവുകൾ സഹിതം. അങ്ങനെ പോലീസ് അയാൾക്ക് താക്കീത് നൽകുകയുണ്ടായി. സാധാരണ നിലയിൽ, നിയമമനുസരിച്ച്, ഇത്തരത്തിലുള്ള ആളെ ജയിലലടയ്ക്കുകയാണ് ചെയ്യുന്നത്. ആ സമയം എന്റെ കയ്യിലുള്ളതെല്ലാം പരമാവധി പ്രയോജനപ്പെടുത്തി. ഞാൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ കാർ വിൽക്കുവാൻ തീരുമാനിച്ചു. **"പയലീസിൽ"** ബൈത്തുർറഹ്മ പള്ളി പണിത കോൺട്രാക്ടറുമായി സംസാരിച്ച് ഒരു ധാരണയിലെത്തി. പ്രശ്നങ്ങൾ വിശദീകരിച്ചു അദ്ദേഹവും ബൈ അത്തു സ്വീകരിച്ച ആളായിരുന്നു. മുമ്പ് അദ്ദേഹം സുന്നി ജമാ അത്തിലെ ആളായിരുന്നു.

അല്ലാഹുവിന്റെ സഹായം സദാലഭ്യമായിരുന്നു. വടക്കെ മൗറീഷ്യസിലെ വീട് നിർമ്മാണം ആരംഭിച്ചു. വീടിന്റെ മുകളിൽ ബൈത്തു ദിക്റും നിർമ്മിക്കുവാൻ തീരുമാനിച്ചു. അല്ലാഹു തെരഞ്ഞെടുത്ത ആളിനെ അല്ലാഹു തന്നെ വഴി തുറന്നു. 3 മാസം കൊണ്ട് അത് പൂർത്തിയായി. ഇതിനിടെയിൽ പീഢനങ്ങളുടെ വേലിയേറ്റത്തിൽ ജീവിതം അസഹ്യമായി. അല്ലാഹുവിൽ നിന്ന് എനിക്കൊരു സന്ദേശം ലഭിച്ചു. റോസ്ഹില്ലിൽ ഞാൻ താമസിക്കുന്ന സ്ഥലത്തുനിന്ന് മാറിതാമസിക്കുവാൻ അല്ലാഹു എന്നോട് പറഞ്ഞു. എന്റെ മാതാപിതാക്കളിൽ നിന്നുള്ള അനന്തരാവകാശ സ്വത്തായിരുന്നു അത്. വടക്കേ മൗറീഷ്യസ്യലെ വീടിന്റെ പണി പൂർത്തിയായപ്പോൾ, ദൈവീക നിർദ്ദേശപ്രകാരം, ഞാനും എന്റെ കുടുംബവും, ആ സ്ത്രീയും അവരുടെ മൂന്ന് പെൺമക്കളും ഒരുമിച്ച് താമസിക്കുവാൻ, തീരുമാനിക്കുകയും അതനുസരിച്ച് ഇതുവരെയും ഞങ്ങൾ ഒരുമിച്ച് താമസിക്കുകയും ചെയ്യുന്നു. ഉമ്മുൽ മുഅ്മിനീൻ എന്ന് നാമകരണം ചെയ്യുവാനുള്ള സന്ദേശം ലഭിക്കുകയുണ്ടായത് അല്ലാഹുവിന്റെ വിധിയാണ്. ദൈവവിധിയെ എതിർക്കുവാൻ ആർക്കും സാധ്യമല്ല.

കാര്യങ്ങൾ ഇങ്ങനെ നടക്കുന്നതിനിടയിൽ അഹ്മദിയ്യാ ജമാ അത്തും, ആ അക്രമിയും അവരുടെ പരിപാടികൾ തുടർന്നുകൊണ്ടിരുന്നു. എനിക്ക് ഭയാനകമായ അന്ത്യം ഉണ്ടാകുമെന്നുള്ള ഭീഷണിപ്പെടുത്തൽ അവർ തുടർന്നുകൊണ്ടിരുന്നു. ആ സ്ത്രീയുടെ ഒരു മകളെ എന്റെ ഒരു അനന്തരവൻ വിവാഹം കഴിച്ചു. അനന്തരവൻ ജമാ അത്തു അഹ്മദിയ്യാ അൽ മുസ്‌ലീമീനിലെ അംഗമായിരുന്നു. അവരുടെ നിക്കാഹ് വിളംബരം നടത്തിയത് ഞാനായിരുന്നു. അവരും എന്നോടൊപ്പം താമസിച്ചിരുന്നു. ഒരു വർഷത്തിനുശേഷം അവർ എന്റെ വീട്ടിൽ നിന്നും പോയി. ദൈവീക ജമാ അത്തിൽ നിന്നും പോയി. 2007 ലാണ് അവർ പോയത്. ഇന്നത്തെ അവരുടെ അവസ്ഥ ശോചനീയമാണ്. ഇപ്പോൾ ആ വിഷയത്തിലേക്ക് കടക്കുവാൻ ആഗ്രഹിക്കുന്നില്ല.

അവളുടെ മറ്റൊരു സഹോദരി ഈ കാര്യങ്ങളെല്ലാം കണ്ടിട്ട് അവളും എന്റെ വീടും ഉപേക്ഷിച്ചു. ദൈവീക ജമാഅത്തും ഉപേക്ഷിച്ചു. ഇപ്പോൾ അവൾ അവളുടെ പിതാവിനോടൊപ്പം താമസിക്കുന്നു. അവരും എന്നെപ്പറ്റി മോശമായി സംസാരിച്ചു. എന്റെ അസാന്നിദ്ധ്യത്തിൽ മൂന്ന് പ്രാവശ്യം എന്റെ വീട് കൊള്ളയടിക്കുവാൻ കള്ളന്മാരെ അയച്ചിരുന്നു. അവർ കതക് തല്ലിപൊളിക്കുകയും, സാധനങ്ങളെല്ലാം വലിച്ചെറിയുക

യും, ജമാ അത്തിന്റെ പലസാധനങ്ങളും മോഷ്ടിക്കുകയും, രേഖപ്പെടുത്തി വച്ചിരുന്ന വെളിപാടുകൾ എടുത്തു നശിപ്പിക്കുകയും, ആഭരണങ്ങൾ മോഷ്ടിക്കുകയും ഉണ്ടായി. നഷ്ടപ്പെട്ട സാധനങ്ങളുടെ വിവരങ്ങൾ പോലീസ് സ്റ്റേഷനിൽ നൽകിയെങ്കിലും 7 വർഷങ്ങൾ പിന്നിട്ടിട്ടും ഇതു സംബന്ധമായി ഒരറിയിപ്പും ലഭിച്ചിട്ടില്ല. ഞങ്ങൾ അല്ലാഹുവിൽ ഭരമേല്പിക്കുന്നു. ഈ സാഹചര്യത്തെ എങ്ങനെ നേരിടണമെന്ന് അല്ലാഹുവിന് അറിയാം.

ദുർവൃത്തനായ ഒരഹ്മദി ഇത്രയും ദൂരത്തിൽ ഈ വൃത്തികെട്ട ജോലിചെയ്യുവാൻ പോയിയെങ്കിൽ, തീർച്ചയായും ഇതിലെ മേലെതട്ടിലുള്ളവർക്ക് ഇതിൽ വ്യക്തമായ പങ്കുണ്ട്. അഹ്മദിയ്യാ ജമാഅത്തിനു വേണ്ടി ജോലിചെയ്യുന്ന ആളാണ് കേരളത്തിൽ ഇത് വ്യാപിപ്പിക്കുന്നത് എന്നാണ് എനിക്ക് കിട്ടിയ റിപ്പോർട്ട്. നിഗൂഢ പദ്ധതിയുമായി ഇറങ്ങിതിരിച്ചിരിക്കുന്നവർ മനസ്സിലാക്കട്ടെ ; ഇത് അവരുടെ തലയിൽതന്നെ പതിക്കുന്നതാണ്. ഒരു സുഹൃത്തിന്റെയും ഭാരവും മറ്റൊരു സുഹൃത്ത് താങ്ങുകയില്ല. ഇത് പിശാചുക്കളുടെ പണിയാണ്. വിശ്വാസികളുടെ ചെവികളിൽ നിങ്ങൾ മന്ത്രിക്കുക. തഖ്‌വയുള്ള ഒരാളും ഈ പണി ചെയ്യുകയില്ല. കേരളത്തിന്റെ എന്റെ അനുയായികളോട് ഞാൻ പറയുന്നു. നമുക്കും നാശം വിതക്കുന്നവർക്കുമിടയിൽ അല്ലാഹു വിധിക്കുന്നതുവരെ ക്ഷമയോടെ കാത്തിരിക്കുക. ഏറ്റവും നല്ല വിധികർത്താവ് അല്ലാഹുവാകുന്നു.

ഞങ്ങളുടെ രക്ഷിതാവേ; ഞങ്ങൾക്കും ഈ കുഴപ്പകാരികൾക്കുമിടയിൽ നീ സത്യം വിധിയ്ക്കേണമേ! അവർ കരുതുന്നു അല്ലാഹുവിന്റെ ശിക്ഷ അവരെ പിടികൂടുകയില്ലായെന്ന്. സർവ്വശക്തനായ അല്ലാഹുവിന്റെ വിധിയെ മറികടക്കാൻ കഴിയുമെന്ന് ബുദ്ധിഹീനൻമാർ മാത്രമെ കരുതുകയുള്ളൂ!.

അജ്ഞന്മാർ മ്ലേച്ഛ സ്വഭാവക്കാരെപോലെ പ്രവർത്തിക്കുവാൻ തുടങ്ങുമ്പോൾ അവർ ദൈവീക പേടകത്തെ തച്ചുടയ്ക്കും. ദുർബലവിശ്വാസികളാണ് ഇപ്രകാരം ചെയ്യുന്നത്. ഒരിക്കലും ദൃഢവിശ്വാസികൾ അങ്ങനെ ചെയ്യുകയില്ല. അഹ്മദിയ്യത്തിന്റെ വലിയ സംരക്ഷകരാണ് എന്നവർ നടിക്കുകയാണ്, അവർ അല്ലാഹുവിന്റെ സന്ദേശത്തിൽ വിശ്വസിക്കുന്നില്ല. എന്നാൽ ദൈവീക വിധിയെ ഇവർ നേരിടേണ്ടി വരുമ്പോൾ സത്യം വിജയിക്കുകതന്നെ ചെയ്യുന്നതാണ്.

ആ പറയപ്പെട്ട അഹ്മദിയ്യാ സംരക്ഷകരെ ഓർത്ത് നിങ്ങൾ ദുഃഖിക്കേണ്ടതില്ല. സർവ്വ ശക്തനായ അല്ലാഹു ഈ ലോകത്തിലുള്ള എല്ലാ വസ്തുക്കളെയും അലങ്കാരമാക്കിയിരിക്കുകയാണ്. അതുപോലെ നിങ്ങളെ പരീക്ഷിക്കുന്നതിനുവേണ്ടിയും നിങ്ങളിൽ ആരാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നത് എന്നറിയുന്നതിനുമായി. എന്റെ അനുയായികളോടും സത്യാന്വേഷകരോടും ഞാൻ ഉപദേശിക്കുകയാണ്, നിങ്ങൾ ക്ഷമകൈകൊള്ളുക. രാവും പകലും തങ്ങളുടെ നാഥനോട് പ്രാർത്ഥിക്കുന്നവരോടൊപ്പം നിങ്ങളും പ്രാർത്ഥിക്കുക. അല്ലാഹുവിന്റെ സ്നേഹവും അനുഗ്രഹങ്ങളും അന്വേഷിക്കുന്നവരോടൊപ്പം നിങ്ങളും പങ്കുചേരുക. അങ്ങനെ മുഹമ്മദ് (സ) ന്റെ യഥാർത്ഥ അനുയായിയായിത്തീരുക. നിങ്ങളുടെ നയനങ്ങൾ അവർക്ക് കീഴ്പെട്ടുപോകരുത്. ഈ താൽക്കാലിക ജീവിതത്തിലെ ആകർഷണങ്ങളിൽ അകപ്പെട്ട് പോകരുത്. നിങ്ങളുടെ ഹൃദയങ്ങളിലെ സ്നേഹത്തെ ഇല്ലായ്മചെയ്യുവാൻ ആഗ്രഹിക്കുന്നവരോടൊപ്പം ആയിരിക്കരുത് നിങ്ങൾ. അവരോടൊപ്പം ചേർന്നാൽ അവർ ഹൃദയങ്ങളിൽ വെറുപ്പ് കുത്തിവയ്ക്കും. അങ്ങനെ ആയാൽ അല്ലാഹുവിൽ നിന്ന് വരുന്ന സത്യത്തെ നിങ്ങൾ നിഷേധിക്കുന്നവരായി തീരും.

കള്ളം പ്രചരിപ്പിക്കുന്നവരുടെ ജീവിതം നഷ്ടത്തിലാണ്. അവർ അല്ലാഹുവിന്റെ ക്രോധം ക്ഷണിച്ചു വരുത്തുകയാണ്. നിങ്ങളുടെ നല്ല പ്രവർത്തനങ്ങളുടെ സത്ഫലങ്ങളെ നഷ്ടപ്പെടുത്തരുത്. ക്ഷമകൊണ്ടും, സഹനതകൊണ്ടും അത് നേടുക. അക്രമികളെ നാം ശ്രദ്ധിക്കരുത്. നിങ്ങൾ പ്രാർത്ഥിക്കുക. അല്ലാഹുവാണ് മാർഗ്ഗദർശി. അവനിൽ നിന്ന് മാത്രമാണ് നാം മാർഗ്ഗ ദർശനം തേടുന്നത്. അവൻ നമ്മെ അവന്റെ അടുത്തേക്ക് ചേർത്തു നിർത്തും.

അവർ സൃഷ്ടിക്കുന്ന പ്രശ്നങ്ങളിലൂടെ, സത്യവിശ്വാസികളുടെ ഈമാനെ അവരുടെ വ്യക്തി പ്രഭാവം കൊണ്ടും ധനം കൊണ്ടും വാങ്ങാമെന്നവർ കരുതുന്നു. അങ്ങനെ സത്യപാതയിൽ നിന്നും അവരെ അന്ധകാരത്തിലേക്ക് നയിക്കാമെന്നവർ കരുതുന്നു. ഈ അക്രമികളോട് ഞാൻ പറയുന്നു. അവരുടെ പണവും വ്യക്തിത്വവും, ധനവും സന്തതികളുമെല്ലാം ഭൂമിയിലെ ജീവിതത്തിനു വേണ്ടിയുളള അലങ്കാരങ്ങളാണ്. അല്ലാഹുവിന്റെ മുമ്പിൽ നല്ല പ്രവർത്തനങ്ങൾ മാത്രമാണ് അനന്തമായി നിലനില്ക്കുന്നത്. ഏറ്റവും നല്ല പ്രതിഫലം നല്കുന്നവൻ അല്ലാഹുവാണ്, അല്ലാതെ നിങ്ങളല്ല. ഞങ്ങളെ, സംബന്ധിച്ചടത്തോളം ഞങ്ങൾ ആത്മാർത്ഥമായി വിശ്വസിക്കുന്നത്, നല്ല പ്രവർത്തനങ്ങൾ ചെയ്യുന്നവർക്ക് അല്ലാഹുവിൽ നിന്ന് സംരക്ഷണം ലഭിക്കുമെന്നാണ്. നല്ല പ്രതിഫലങ്ങളും നല്ല ഫലങ്ങളും പ്രദാനം ചെയ്യുന്നത് അവൻ മാത്രമാണ്.

നിങ്ങൾ (അക്രമികൾ) ഇഷ്ടപ്പെട്ടാലും ഇഷ്ടപ്പെട്ടില്ലെങ്കിലും ശരി,അവർ എന്റെ അനുയായികൾ, ഞാൻ ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫ ആണ് എന്നവർ വിശ്വസിക്കുന്നു. ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. എല്ലാ അധികാരവും അവന്റെ കരങ്ങളിലാണ്. അല്ലാഹു തെരഞ്ഞെടുക്കുന്ന ദൂതന്മാരെ നിയോഗിക്കുന്നത് ജനങ്ങൾക്ക് സന്തോഷ വാർത്തയും മുന്നറിയിപ്പും നല്കുന്നതിനു വേണ്ടിയാണ്. പിന്തിരിയുന്നവർ, സത്യത്തെ നിഷേധിക്കുന്നു. അവരുടെ അജ്ഞത നിമിത്തം അതിനെ അവർ പരിഹസിക്കുന്നു. അല്ലാഹു  അവരുടെ ഹൃദയങ്ങളുടെ മേൽ ഒരു മൂടി ഇട്ടിരിക്കുന്നു. അതു കൊണ്ട് അവർ ഒന്നും ഗ്രഹിക്കുന്നില്ല. അവർ അന്ധന്മാരായിരിക്കുകയാണ്. അവരെ നേർവഴിയിലേക്ക് ക്ഷണിച്ചാലും അവർ വരില്ലാ. കാരണം അവരുടെ ഹൃദയങ്ങളുടെമേൽ ഒരു മറ ഇട്ടിരിക്കുകയാണ്. അവരുടെ ഭൂമിയിലെ വാസം തെറ്റായ വഴിയിലൂടെയാണ് അവരുടെ രക്ഷകന്റെ ദൃഷ്ടാന്തങ്ങളെ നിരാകരിക്കുന്നതിലൂടെ അവർ ശരിയായ പാതയിലാണെന്ന് കരുതുന്നു. അവർ ഈമാൻ പരിത്യജിക്കുന്നു. അല്ലാഹു, താൻ, തെരഞ്ഞെടുത്തവരിലൂടെ നല്കുന്ന വെളിപാടുകളെ അവർ പരിഹസിക്കുന്നു. അതിനെ അവർ സാത്താനിക വെളിപാടുകൾ എന്ന് മുദ്ര കുത്തുന്നു.

ഞാനീ വിഷയം ഇവിടെ ഇപ്പോൾ നിർത്തുകയാണ്. അടുത്ത വെള്ളിയാഴ്ച്ച ഇൻശാ അല്ലാഹ് തുടരുന്നതായിരിക്കും.  പ്രസംഗം അവസാനിപ്പിക്കുന്നതിന് മുമ്പ്, ഇൻഡ്യയിൽ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പു സംബന്ധമായി ചിലതു പറയുവാൻ ആഗ്രഹിക്കുകയാണ്. നരേന്ദ്രമോദിയുടെ ഹിന്ദു ദേശീയ പാർട്ടി. മൃഗീയ ഭൂരിപക്ഷം നേടുകയും കോൺഗ്രസ്സ് പാർട്ടി നിലം പരിശാകുകയും ചെയ്തിരിക്കുന്നു. കോൺഗ്രസ്സ് പാർട്ടിയുടെ 10 വർഷത്തെ ഭരണത്തിനു ശേഷം അധികാരത്തിലെത്തിയ നരേന്ദ്രമോദിയുടെ പാർട്ടി, സാമ്പത്തിക രംഗത്ത് വൻ കുതിച്ചുചാട്ടം നടത്തുമെന്ന് വാഗ്ദാനം ചെയ്യുന്നു. ഭാരതീയ ജനതാപാർട്ടിയുടെ വിജയം ഇന്ത്യൻ രാഷ്ട്രീയ രംഗത്തിന് പുതിയമാനങ്ങൾ നല്കുന്നതാണ്. രാജ്യത്തെനയിച്ചുകൊണ്ടിരുന്ന ഗാന്ധി-നെഹ്റു യുഗത്തിന് തിരശ്ശീല വീഴുകയാണ്. 2002 ലെ ഗുജറാത്ത് കലാപത്തിന്റെ പേരിൽ മുസ്ലീം ന്യൂനപക്ഷം സംശയ ദൃഷ്ടിയോടെയാണ് ബി.ജെ.പി. നേതാവിനെ നോക്കികാണുന്നത്. 10 വർഷം അധികാരത്തിലായിരുന്ന ഇന്ത്യൻ നാഷണൽ പാർട്ടി, അഴിമതിയിൽ മുങ്ങികുളിക്കുകയുണ്ടായി. അഴിമതി തടയുവനോ പണപ്പെരുപ്പം പിടിച്ചുനിർത്തുവാനോ കഴിയാഞ്ഞ സർക്കാരിന് ജനങ്ങൾ നല്കിയ കനത്തതിരിച്ചടിയാണിത്.

ഇന്ത്യയിലെ ഗാന്ധി-നെഹ്റു ഭരണകൂടം തെരഞ്ഞെടുപ്പിലൂടെ ഭരണത്തിലേറാൻ പ്രതിപക്ഷ നേതാവായ നരേന്ദ്രമോദിയുമായി ജീവന്മരണപോരാട്ടം തന്നെ നടത്തുകയുണ്ടായി.

ഈ നൂറ്റാണ്ടിൽ അനേകം ഭരണകൂടങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. രാഷ്ട്രീയമായ നിലയിലും മതപരമായ നിലയിലും. മതമേധാവികൾ കരുതുന്നു ഇത് അവർക്ക് അനന്തരാവകാശമായി ലഭിച്ചതാണെന്ന്. അവർ കരുതുന്നു അവരെ അവിടെ നിന്ന് നീക്കം ചെയ്യുവാൻ ആർക്കും കഴിയുകയില്ലായെന്ന്. സമ്പൂർണ്ണ അധികാരമുളള ഒരു പ്രപഞ്ച സൃഷ്ടാവുണ്ട് എന്ന് അവർ മനസ്സിലാക്കുന്നില്ല. അവനുദ്ദേശിക്കു

ന്നത് അവൻ പ്രവർത്തിക്കുന്നു. അവനുദ്ദേശിക്കുന്നവരെ അധികാരത്തിൽ നിന്നും നീക്കം ചെയ്യുന്നു.

ഇന്ന് നിങ്ങൾ ഒരു പക്ഷേ പ്രധാനമന്ത്രിയായേക്കാം. നാളെ നിങ്ങൾ ഒരു സാധാരണ പൗരനായി മാറാം. റയിൽവേ സ്റ്റേഷനിലെ ചായ കച്ചവടക്കാരന്റെ മകനായിരുന്നു താൻ എന്നു പറയുവാൻ അദ്ദേഹം മടിച്ചില്ല. ഈ വിനയത്തിന്റെ മുന്നിൽ കോൺഗ്രസ്സ് പാർട്ടിയുടെ അമരക്കാരൻ രാഹുൽ ഗാന്ധിക്ക് അധികാര വടംവലിയിൽ പിടിച്ചു നിലക്കുവാൻ കഴിഞ്ഞില്ല.

സ്കൂൾ പഠനം പൂർത്തിയാക്കിയ ശേഷം നരേന്ദ്രമോദി വീട് വിട്ടു. കുടുംബവുമായുള്ള എല്ലാബന്ധങ്ങളും വിട്ട്, രാഷ്ട്രീയ സ്വയം സേവക് സംഘത്തിൽ അണിചേർന്നു. ഹൈന്ദവ സംഘത്തിലെ, ദേശീയ ആദർശ പ്രസ്ഥാനമായ ആർ.എസ്.എസിലും, ബി.ജെ.പിയിലും ചേർന്നു പ്രവർത്തിക്കുകയുണ്ടായി.

നരേന്ദ്രമോദി പൊതുജനങ്ങളോടു പറഞ്ഞിട്ടില്ലാത്ത ഒരു കാര്യം, തന്റെ പരാജയപ്പെട്ട വൈവാഹിക ജീവിതമാണ്, അത് നടത്തിയത് അദ്ദേഹത്തിന്റെ  മാതാപിതാക്കളും ഭാര്യയുടെ ആൾക്കാരും ചേർന്ന് അദ്ദേഹം പ്രായപൂർത്തിയാകുന്നതിനു മുമ്പ് നടത്തിയ ഒരു ചടങ്ങായിരുന്നു.

അനൗദ്യോഗിക രേഖകളിൽ നിന്നും മനസ്സിലാകുന്നത് ഈ വിവാഹം അദ്ദേഹം അംഗീകരിച്ചിരുന്നില്ല. അക്കാരണത്താലാണ് തന്റെ വീടു ഉപേക്ഷിച്ച് അദ്ദേഹം പോയത്. ഏകനായി കഴിയാൻ ആഗ്രഹിച്ച നരേന്ദ്ര മോദി, തന്റെ മാതാവിനെയും സഹോദരങ്ങളെയും അപൂർവ്വമായി സന്ദർശിച്ചിരുന്നു.

വളരെ വിനീതമായി നാം ആഗ്രഹിക്കുന്നത് നരേന്ദ്രമോദി പ്രത്യേകിച്ച് ഇന്ത്യയുടെയും പൊതുവിൽ ലോകത്തിന്റെയും ഒരു നല്ല നേതാവായി തെളിയിക്കുക എന്നതാണ്. നീതിമാനായിരിക്കുക. തന്റെ ജനങ്ങളോടും ലോകത്തോടും സത്യവാനായിരിക്കുക. അങ്ങനെ ലോക പുരോഗതിയിൽ പങ്കുചേരുക. ലോക നാശത്തിലായിരിക്കരുത്. നല്ല ഭാവി ആശംസിക്കുന്നു. ഇൻശാ അല്ലാഹ് ! എന്റെ പേരിലും ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാമിന്റെ പേരിലും, അദ്ദേഹത്തിന്റെ ജനങ്ങൾക്ക് സുരക്ഷിതത്വവും ക്രമസമാധാനവും പ്രദാനം ചെയ്യുവാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു. അതിനായി, ആദ്യപടിയായി, അഴിമതിയെ തുടച്ചുനീക്കുക. ഇൻശാ അല്ലാഹ് !.


**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*


*****************